**പതിമൂന്നാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 65 — 10.06.2013 - ലെ മറുപടിക്ക്

പി.എസ്.സി റാങ്ക് ലിസ്റ്റ് - യോഗ്യതാ മാനദണ്ഡങ്ങളിൽ മാറ്റം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. രാജു എബ്രഹാം | | ശ്രീ. ഉമ്മൻ ചാണ്ടി<br>ബഹു. മുഖ്യമന്ത്രി |
| (എ) | നിലവിലുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തിക്കൊണ്ടിരിക്കേ, യോഗ്യതാ മാനദണ്ഡങ്ങൾ മാറ്റം വരുത്തി അതേ റാങ്ക് ലിസ്റ്റിൽ നിന്നും ഉദ്യോഗാർത്ഥികളെ പുതിയ മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ ഒഴിവാക്കാൻ പി.എസ്.സി ക്ക് അധികാരമുണ്ടോ; | (എ) യും (ബി) യും (സി) യും (ഡി)യും (ഇ) യും (എഫും)<br><br>വിവരം ശേഖരിച്ചു വരുന്നു. |
| (ബി | ഇത്തരത്തിൽ എച്ച്.എസ്.എ ഫിസിക്കൽ സയൻസ് തസ്തികയുടെ 30.04.08-ലെ നോട്ടിഫിക്കേഷൻ (കാറ്റഗറി നമ്പർ 177/08) പ്രകാരം പൂർണ്ണ യോഗ്യതയുണ്ടെന്ന് പി.എസ്.സി ഉറപ്പുവരുത്തി റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുത്തിയ എത്ര ഉദ്യോഗാർത്ഥികളെയാണ്, പുതുക്കിയ മാനദണ്ഡത്തിന്റെയടിസ്ഥാനത്തിൽ റാങ്ക് ലിസ്റ്റിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ ; | |
| (സി) | ഈ റാങ്ക് ലിസ്റ്റിൽ നിന്നും ഒരേ യോഗ്യതയുള്ള കുറച്ചുപേർക്ക് നിയമനം നൽകുകയും, അതേ യോഗ്യതയുടെ പേരിൽ പിന്നീട് പുതുതായി ഉണ്ടാക്കിയ മാനദണ്ഡത്തിന്റെയടിസ്ഥാനത്തിൽ കുറച്ചു ഉദ്യോഗാർത്ഥികളെ ഒഴിവാക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആരുടെ നിർദ്ദേശപ്രകാരമാണ് ഇത്തരത്തിൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചതിനു | |

ശേഷം, മാനദണ്ഡത്തിൽ മാറ്റം വരുത്തി ഉദ്യോഗാർത്ഥികളെ റാങ്ക് ലിസ്റ്റിൽ നിന്നും ഒഴിവാക്കിയത്; ഈ നടപടിക്ക് സാധുതയുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഡി) പി.എസ്.സി നിയമനങ്ങളിൽ ഒഴിവാക്കപ്പെട്ട അതേ യോഗ്യതയുള്ള ഉദ്യോഗാർത്ഥികളെ എയ്ഡഡ് സ്കൂളുകളിൽ ഇതേ തസ്തികയിൽ നിയമിക്കുന്നതും അവർക്ക് ശമ്പളം ലഭിക്കുന്നതും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഒരേ യോഗ്യതയുള്ളവരെ പി.എസ്.സി നിയമനങ്ങളിൽ നിന്നു മാത്രം മാറ്റി നിർത്തുന്ന നടപടി പുനഃപരിശോധി ക്കാനും ഇങ്ങനെ ഒഴിവാക്കപ്പെട്ട വർക്ക് നിയമനം ലഭിക്കുമായിരുന്നു വെങ്കിൽ നിയമനം നൽകാനും സർക്കാർ നടപടി സ്വീകരിക്കുമോ;

(ഇ) എച്ച്.എസ്.എ ഫിസിക്കൽ സയൻസ് തസ്തികയിൽ ഫിസിക്സ്/ കെമിസ്ട്രി ബിരുദധാരികൾക്ക് (സബ്സിഡിയറി ഏതെന്ന് പരിഗണിക്കാതെ) 19.6.12-നു ശേഷം എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ടെന്നും, അതിൽ സർക്കാർ അംഗീകാരം നൽകിയിട്ടുണ്ടെന്നും, വ്യക്തമാ ക്കാമോ;

(എഫ്) ഈ വിഷയത്തിൽ ഇത്തരത്തിൽ വിവേചനങ്ങൾ നിലനിൽക്കുന്നെങ്കിൽ അത് പരിഹരിക്കുന്നതിനും, 2008-ലെ നോട്ടിഫിക്കേഷൻ പ്രകാരം പരീക്ഷ യെഴുതി റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവരും, പിന്നീട് പി.എസ്.സി സ്വയം വരുത്തിയ യോഗ്യതാ മാനദണ്ഡമാറ്റം മൂലം ഒഴിവാക്കപ്പെടുന്നവരുമായ ഉദ്യോഗാർത്ഥികൾക്ക് നീതി ലഭിക്കുന്നതിന് എന്തൊക്കെ നടപടി സ്വീകരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

സെക്ഷൻ ഓഫീസർ